LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നൽകിയിട്ടില്ല. പദ്ധതി രേഖയോടൊപ്പം ബ്ലോക്ക് ലെവൽ അഡ്വൈസറി കമ്മിറ്റിയുടെ മിനിറ്റ്സ് സമർപ്പിക്കാത്തതിനാൽ ആയതുകൂടി അടിയന്തിരമായി സമർപ്പിക്കുന്നതിന് പയ്യന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിൽ കൈപ്പാട് നെൽകൃഷി

20 (1005) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ ആരാണ് തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് ചെറുകിട ജലസേചന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിലെ കൈപ്പാട് വികസനത്തിന് കുന്നത്തറ പാടത്ത് വിവിധ അടിസ്ഥാനസൗകര്യമൊരുക്കുന്ന പ്രവർത്തനത്തിനും, ഉള്ളിയേരി, കോട്ടക്കുന്ന് കൈപ്പാട് നിലം പുനരുദ്ധാരണത്തിനും പേരാമ്പ്ര നിയോജക മണ്ഡലത്തിലെ തുറയൂർ പഞ്ചായത്തിലെ കൈപ്പാട് നിലം വികസനത്തിനുമാണ് പ്രോജക്ടുകൾ തയ്യാറാക്കിട്ടുള്ളത്.

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി പയ്യോളി ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, കൊയിലാണ്ടി എന്നീ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിക്കോടി പഞ്ചായത്ത് - അകലാപ്പുഴ വെള്ളത്തേടത്ത് പാടശേഖരം.
2. പയ്യോളി മുനിസിപ്പാലിറ്റി - ചെത്തിൽ കൈപ്പാട് പാടശേഖരം, മഠത്തിൽ ചിറ പാടശേഖരം.
3. കൊയിലാണ്ടി മുനിസിപ്പാലിറ്റി - കൊളമ്പത്തുതാഴെ.
4. ചേമഞ്ചേരി പഞ്ചായത്ത് - ഐരാണി തുരുത്ത് പാടശേഖരം.
5. ചെങ്ങോട്ടുകാവ് - ഉള്ളൂർകടവ് മയിലാടുംപാറ കൈപ്പാട് പാടശേഖരം

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ?

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ഏത് രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിക്കായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ബഹു. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. (RKVY), നബാർഡ് ധനസഹായം, RIDF, ജനകീയാസൂത്രണ പദ്ധതിവിഹിതം, ചെറുകിട ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതം, കൈപ്പാട് ഏരിയ ഡെവലപ്മെൻറ് ഏജൻസിയിൽ നിന്നുള്ള ഫണ്ട് എന്നിവയിൽനിന്ന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാനാണ് ലക്ഷ്യമിടുന്നത്. കൈപ്പാട് മേഖലയിലെ ആസ്തികളുടെ നവീകരണം/പുനരുദ്ധാരണം, ജലനിർഗ്ഗമനത്തിന് കൈത്തോട് നിർമ്മാണം, തടയണ നിർമ്മാണം, കാടും പായലും നീക്കൽ മുതലായവയാണ് നടത്തേണ്ട പ്രവർത്തികൾ. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നഴ്സറികൾ

21 (1006) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നേഴ്സറികളിൽനിന്നും അവ വാങ്ങുന്നവർ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്